II ഇ.ബി.XIV-കേരള നിയമസഭ/IV-4

**പതിനാലാം കേരള നിയമസഭ**

നാലാം സമ്മേളനം

**ചോദ്യോത്തരങ്ങൾ - സംഗ്രഹം**

2017 മാർച്ച് 2, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

10 (*91) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) നൽകിയ മറുപടിയിൽ, ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം 14 ജില്ലകളിലായി 58398 കുടുംബങ്ങൾക്ക് ഭൂമി അനുവദിച്ചിട്ടുണ്ടെന്നും കൈമാറിക്കഴിഞ്ഞ പ്ലോട്ടുകളെ സംബന്ധിച്ചുള്ള ആക്ഷേപങ്ങളിൽ അന്വേഷണം നടത്തി അനുയോജ്യമല്ലാത്ത ഭൂമി വിതരണം ചെയ്ത കേസ്സുകളുണ്ടെങ്കിൽ അവ മാറ്റി നൽകാനുള്ള നടപടി സ്വീകരിക്കുമെന്നും വിതരണം ചെയ്യാൻ അവശേഷിക്കുന്ന പ്ലോട്ടുകൾ ചട്ടപ്രകാരം കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്നും സഭയെ അറിയിച്ചു. പദ്ധതി പ്രവർത്തനം

ഏകോപിപ്പിക്കുന്നതിനായി ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണറെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചുകൊണ്ട് സംസ്ഥാന തലത്തിലും ഡെപ്യൂട്ടി കളക്ടർ (എൽ.ആർ)-ന്റെ നേതൃത്വത്തിൽ ജില്ലാ തലത്തിലും സ്പെഷ്യൽ സെൽ രൂപീകരിച്ചിട്ടുണ്ട്. സർക്കാർ ഭൂമിയുടെ ദൗർലഭ്യം കണക്കിലെടുത്ത് ഭൂമി വിലയ്ക്ക് വാങ്ങുന്നതിനുള്ള ധനശേഖരണാർത്ഥം 3.41 കോടി രൂപ സമാഹരിച്ചിട്ടുണ്ടെന്നും ഭൂമിയുടെ ലഭ്യതക്കുറവും ആവശ്യക്കാരുടെ എണ്ണവും പരിഗണിച്ച് ഫ്ലാറ്റ് നിർമ്മിച്ച് നൽകുന്ന കാര്യം പരിശോധിക്കുന്നതാണെന്നും അവശേഷിക്കുന്ന മുഴുവൻ ഗുണഭോക്താക്കൾക്കും ലഭ്യമാകുന്ന മുറയ്ക്ക് മൂന്ന് സെന്റ് ഭൂമി അനുവദിക്കുമെന്നും അതിന് സാധ്യതയില്ലാത്ത സ്ഥലങ്ങളിൽ 'ലൈഫ് (ലൈവ്‌ലിഹുഡ് ഇൻക്ലൂഷൻ ആന്റ് ഫിനാൻഷ്യൽ എംപവർമെന്റ്) പദ്ധതിയുമായി ബന്ധപ്പെടുത്തി ഭൂമി നൽകുന്നതിന് നടപടി സ്വീകരിക്കുമെന്നും മന്ത്രി വ്യക്തമാക്കി. അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനും സ്വന്തമായി ഭൂമിയില്ലാത്തവർക്ക് അഞ്ച് സെന്റ് വയൽ നികത്തി വീട് വയ്ക്കാമെന്നുള്ള ഉത്തരവിലെ അവ്യക്തത പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കുമെന്നും സ്വന്തം ഭൂമിക്ക് പട്ടയം കിട്ടാത്ത അവസ്ഥയ്ക്ക് പരിഹാരം കാണുമെന്നും വാസയോഗ്യമായ ഭൂമിയാണ് വിതരണം ചെയ്യുന്നതെന്ന് ഉറപ്പുവരുത്തുമെന്നും റവന്യൂ റിക്കവറി നടപടികളിൽനിന്ന് വീടുകളെ ഒഴിവാക്കിക്കൊടുക്കുന്നതിന് ആവശ്യമായ ചർച്ച നടത്തി തീരുമാനമെടുക്കാവുന്നതാണെന്നും സർവ്വേയർമാരുടെ കുറവ്

പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

11 (*92) <u>സോഷ്യൽ ഓഡിറ്റിംഗ്</u>

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) നൽകിയ മറുപടിയിൽ, പൊതുമരാമത്ത് ജോലികൾക്ക് സോഷ്യൽ ഓഡിറ്റിംഗ് നിർബന്ധമാക്കിയിട്ടുണ്ടെന്നും സംസ്ഥാന-ജില്ലാ-നിയോജക മണ്ഡലതലങ്ങളിലാണ് ഓഡിറ്റിംഗ് നടത്താനുദ്ദേശിക്കുന്നതെന്നും സഭയെ അറിയിച്ചു. സോഷ്യൽ ഓഡിറ്റിംഗ് നടത്തുന്നതിനായി നിശ്ചയിക്കപ്പെടുന്ന ജനപ്രതിനിധികളും സാങ്കേതിക വിദഗ്ദ്ധരും പൊതു സ്വീകാര്യരായ വ്യക്തികളുമടങ്ങുന്ന ഒരു കമ്മിറ്റിയാണ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും ഇതുവഴി മരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം, നിർമ്മാണ പ്രവർത്തനങ്ങളുടെ ഉദ്ദേശ്യലക്ഷ്യങ്ങളുടെ സാക്ഷാത്കാരം, ജനകീയത, സുതാര്യത, സമയബന്ധിതമായി പൂർത്തിയാക്കൽ, സാമ്പത്തിക ദുർവിനിയോഗമില്ലായ്മ എന്നിവയാണ് ഉദ്ദേശിക്കുന്നതെന്നും ഏതെങ്കിലും പ്രവൃത്തിയിൽ ക്രമക്കേടുണ്ടെന്ന് സോഷ്യൽ ഓഡിറ്റ് കമ്മിറ്റി കണ്ടെത്തിയാൽ സർക്കാർ അംഗീകൃത ഏജൻസിയെക്കൊണ്ട് അന്വേഷണം നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്നും അറിയിച്ചു. കോൺട്രാക്ടറുടെ ഭാഗത്തുനിന്നുള്ള വീഴ്ചമൂലം പ്രവൃത്തികൾ റീ-ടെൻഡർ

ചെയ്യേണ്ടിവരുമ്പോഴുണ്ടാകുന്ന നഷ്ടം റിസ്ക് ആന്റ് കോസ്റ്റിൽ ഉൾപ്പെടുത്തി ഈടാക്കാനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. റോഡ് കട്ടിംഗുമായി ബന്ധപ്പെട്ടുകൊണ്ടുള്ള പ്രവൃത്തികൾക്ക് അനുമതി നൽകുന്നതിന് വ്യക്തമായ മാനദണ്ഡം ഏർപ്പെടുത്തിയിട്ടുണ്ടെന്നും ടോൾ പിരിവ് നിർത്തലാക്കണമെന്നാണ് ഗവൺമെന്റിന്റെ അഭിപ്രായമെന്നും എൻ.എച്ച്.എ.ഐ. ഏർപ്പെടുത്തിയിട്ടുള്ള ടോൾ നിർത്തലാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടെന്നും പുതുതായി നിർമ്മിക്കുന്ന റോഡുകൾക്ക് ടോൾ പിരിവ് ഉണ്ടാകില്ലെന്നും പി.ഡബ്ല്യു.ഡി.യുടെ സ്വത്തുക്കൾ സംബന്ധിച്ച ആസ്തി രജിസ്റ്റർ നിലവിലുണ്ടെന്നും നിയമ പ്രകാരം അവ പരിപാലിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. പൊതുമരാമത്തുമായി ബന്ധപ്പെട്ട രേഖകളിലേയും എസ്റ്റിമേറ്റിലേയും സാങ്കേതിക പദങ്ങളൊഴികെയുള്ളവ മലയാളത്തിലാക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്ത് തീരുമാനിക്കാവുന്നതാണെന്നും പി.ഡബ്ല്യു.ഡി. റോഡുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതുമായി ബന്ധപ്പെട്ട ഇൻവെസ്റ്റിഗേഷനിൽ കാലതാമസം ഒഴിവാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

12 (*93) <u>വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ റാഗിംഗ്</u>

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) നൽകിയ മറുപടിയിൽ, കേരള സർവ്വകലാശാലയുടെ കീഴിലുള്ള കോളേജുകളിൽ റാഗിംഗ് തടയുന്നതിനായി വൈസ് ചാൻസലർ അദ്ധ്യക്ഷനായി ആന്റി റാഗിംഗ് കമ്മിറ്റി, ആന്റി റാഗിംഗ് സ്ക്വാഡ്, മോണിറ്ററിംഗ് സെൽ എന്നിവ രൂപീകരിക്കുകയും പരാതികൾ ലഭിക്കുന്ന മുറയ്ക്ക് ആയതിന്മേൽ നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നതായി സഭയെ അറിയിച്ചു. റാഗിംഗിനെതിരെ വിദ്യാർത്ഥികൾക്കിടയിൽ ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിച്ചിട്ടുണ്ടെന്നും സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലും റാഗിംഗ് നിയമ വിരുദ്ധമായി പ്രഖ്യാപിച്ചിട്ടുണ്ടെന്നും റാഗിംഗ് റിപ്പോർട്ട് ചെയ്താൽ എ.ഐ.സി.റ്റി.ഇ നിഷ്കർഷിച്ചിരിക്കുന്ന വ്യവസ്ഥകൾ പ്രകാരം റാഗിംഗ് നടത്തിയ വിദ്യാർത്ഥിക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുമെന്നും മന്ത്രി വ്യക്തമാക്കി. അദ്ധ്യയന വർഷം ആരംഭിക്കുന്നതിനുമുമ്പ് യു.ജി.സി. എ.ഐ.സി.റ്റി.ഇ. മാനദണ്ഡങ്ങൾ അനുസരിച്ചുള്ള സർക്കുലർ എല്ലാ കോളേജ് പ്രിൻസിപ്പാൾമാർക്കും നൽകുകയും അഡ്മിഷൻ സമയത്ത് വിദ്യാർത്ഥിയും രക്ഷകർത്താവും റാഗിംഗിനെക്കുറിച്ചുള്ള കാര്യങ്ങൾ മനസ്സിലാക്കി ആയതിൽ ഭാഗഭാക്കാകുകയില്ല എന്നുള്ള സാക്ഷ്യപത്രം എഴുതി വാങ്ങണമെന്ന് നിഷ്കർഷിക്കുകയും ചെയ്തിട്ടുണ്ട്. കേരള സർവ്വകലാശാല ഹോസ്റ്റലിലെ സുരക്ഷ ശക്തമാക്കുകയും പോലീസിന്റെയും സർവ്വകലാശാല സെക്യൂരിറ്റി

ജീവനക്കാരുടെയും പട്രോളിംഗ് ഏർപ്പെടുത്തുകയും റാഗിംഗ് എന്ന പേരിൽ ദളിത് വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ളവർക്കെതിരെ നടക്കുന്ന ഗുണ്ടാ ആക്രമണത്തിനെതിരെ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. റാഗിംഗിനെതിരെ ശക്തമായ നിലപാടെടുക്കാനുള്ള സമിതികൾ നിയമപരമായി നിലവിലുണ്ടെന്നും സംസ്ഥാനത്തെ ഏതെങ്കിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇത്തരം സമിതികൾ പ്രവർത്തിക്കുന്നില്ലെങ്കിൽ പ്രസ്തുത മാനേജ്മെന്റിനെതിരെ ശക്തമായ നടപടി സ്വീകരിക്കുമെന്നും കളമശ്ശേരി സർക്കാർ പോളിടെക്നിക് കോളേജ് ഹോസ്റ്റലിലെ റാഗിംഗുമായി ബന്ധപ്പെട്ട് 11 വിദ്യാർത്ഥികളെ കോളേജിൽ നിന്ന് അന്വേഷണ വിധേയമായി പുറത്താക്കിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ഓരോ കാറ്റഗറിയിലുമുൾപ്പെടുന്ന കുറ്റങ്ങൾക്ക് ഓരോ തരത്തിലുള്ള നിയമങ്ങളനുസരിച്ചാണ് ശിക്ഷാനടപടി സ്വീകരിക്കുന്നതെന്നും ഇത്തരത്തിലുള്ള തെറ്റായ നടപടികൾ ഏതെങ്കിലും കോളേജുകളിൽ നടക്കുകയാണെങ്കിൽ ശക്തമായ നടപടി സ്വീകരിക്കുമെന്നും സ്വാശ്രയ കോളേജുകളിലെ ഇത്തരം പ്രശ്നങ്ങൾ പഠിക്കുന്നതിനായി ജസ്റ്റിസ് ദിനേശൻ കമ്മീഷൻ പ്രവർത്തിച്ചുവരുന്നതായും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1085 മുതൽ 1448 വരെയുള്ള ചോദ്യങ്ങളിൽ 170 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ

രേഖാമൂലം ഉത്തരം നൽകി.)